നഗരപ്രദേശങ്ങളിലെ മാലിന്യസംസ്കരണം

91(3375) ശ്രീ. കെ. വി. വിജയദാസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നഗര പ്രദേശങ്ങളിലെ മാലിന്യ സംസ്കരണത്തിന് സ്വീകരിച്ച നടപടികളുടെ വിശദാംശം നല്കുമോ ; ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ സഹിതം ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(ബി) ഫലപ്രദമായ ഏതെങ്കിലും ഒരു പദ്ധതി ഇത്തരത്തിൽ എടുത്തു പറയുവാൻ കഴിയുമോ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) നഗരപ്രദേശങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനത്തിലേയ്ക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സ്ഥലത്ത് തന്നെ നിർമ്മാർജ്ജനം ചെയ്യുന്നതിലേക്കായി ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്ക് കൂടുതൽ പ്രാധാന്യം നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്നു. ആയതിന്റെ നിർവ്വഹണത്തിലേയ്ക്കായി ഉയർന്ന തോതിൽ സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നു. കൂടാതെ പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ നിലവിലില്ലാത്ത നഗരസഭകളിൽ അവ സ്ഥാപിക്കുന്നതിനും പ്ലാന്റുകൾ ഉള്ള നഗരസഭകളിൽ ആയവ കുറ്റമറ്റതാക്കി ആധുനിക രീതിയിലാക്കുന്നതിനും നടപടി എടുത്തുവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്കായി 100% സർക്കാർ സാമ്പത്തിക സഹായവും നൽകി വരുന്നു. പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളെക്കുറിച്ച് ജനങ്ങളെ ബോധവല്ക്കരിക്കാനും ആയതിലെ ജനങ്ങളുടെ എതിർപ്പ് കുറയ്ക്കാനും അതുവഴി പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി വ്യാപകമായ ബോധവല്ക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനുള്ള വ്യാപകമായ ബോധവല്ക്കരണ പരിപാടികൾ 2014 ജൂൺ 5-ാം തീയതി മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. മാലിന്യം ഉറവിടത്തിൽത്തന്നെ തരംതിരിക്കാനും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കാനും നടപടി എടുക്കുന്നതിന് സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനുള്ള വ്യാപകമായ പ്രചരണ പരിപാടികളാണ് ഇപ്പോൾ നടത്തിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഗരസഭകളിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കും പ്ലാന്റുകളുടെ നിർമ്മാണത്തിനും നിലവിലുള്ള പ്ലാന്റുകളുടെ ആധുനികവൽക്കരണത്തിനും നഗരസഭകൾക്ക് കൈമാറിയിട്ടുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിലെ കാലാവസ്ഥയ്ക്കനുസരിച്ച് കമ്പോസ്റ്റിംഗ് സിസ്റ്റവും ബയോമെഥനൈസേഷൻ രീതിയുമാണ് ഫലവത്തായി മാലിന്യ സംസ്കരണത്തിലേയ്ക്ക് അനുവർത്തിക്കാൻ കഴിയുന്നത്. ഇത്തരത്തിലുള്ള സംസ്കരണ രീതികളാണ് കേരളത്തിലെ നഗരസഭകളിൽ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നത്. ആറ്റിങ്ങൽ, ചാലക്കുടി തുടങ്ങിയ നഗരസഭകളിൽ മാലിന്യ സംസ്കരണത്തിന് ഇത്തരത്തിലുള്ള രീതികൾ നടപ്പിലാക്കി മാലിന്യ സംസ്കരണം ഫലവത്താക്കിയിട്ടുള്ളവയിൽ ഉൾപ്പെടുന്നതാണ്.

ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമം

92 (3376) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഗരസഭകളിൽ നിന്ന് ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണ് ;

(ബി) ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനു വേണ്ടി വർഷങ്ങൾക്കു ശേഷം അപേക്ഷിക്കുന്നവർക്ക് അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത് ; വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം വർഷങ്ങൾക്കു ശേഷം ജനന സർട്ടിഫിക്കറ്റിനായി തിരുവനന്തപുരം നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള എത്ര അപക്ഷകളിൽ തീരുമാനം എടുക്കാനുണ്ടെന്ന് അറിയിക്കുമോ ;

(ഡി) ജനന സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ അവശേഷിക്കുന്ന അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിശ്ചിത മാതൃകയിലുള്ള വെള്ളക്കടലാസിലുള്ള അപേക്ഷ (5 രൂപാ കോർട്ട് ഫീ സ്റ്റാംമ്പ് പതിക്കണം), അപേക്ഷകന്റെ പേരിൽ വാങ്ങിയ 20 രൂപയിൽ കുറയാത്ത മുദ്രപത്രം, തിരച്ചിൽ ഫീസ് 2 രൂപാ വീതം ഓരോ വർഷത്തേയ്ക്ക്, പകർപ്പ് ഫീസ് 5 രൂപാ, തപാലിൽ ലഭിക്കുന്നതിനാവശ്യമായ തപാൽ സ്റ്റാമ്പ് ഒട്ടിച്ച കവർ എന്നിവ സഹിതം സംഭവം രജിസ്റ്റർ ചെയ്തിട്ടുള്ള രജിസ്ട്രേഷൻ യൂണിറ്റിൽ അപേക്ഷിച്ചാൽ ജനന സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതാണ്. ജനനം നടന്ന് 21 ദിവസത്തിനുള്ളിലുള്ള സംഗതിയിൽ തിരച്ചിൽ ഫീസ് അടവാക്കേണ്ടതില്ല

LIBRARY ARCHIVES Kerala Legislative Assembly